# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നനമിട്ടചോദ്യം നമ്പർ :*407 28.06.2012 - ൽ മറുപടിക്ക്

## റോഡ് സൈഡിലുള്ള അപകടകരമായ പരസ്യബോർഡുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ:<br>,, മാത്യു. റ്റി. തോമസ്:<br>,, സി. കെ. നാണു: | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റോഡരികിലും വളവുകളിലും സ്ഥാപിച്ചിരിക്കുന്ന കൂറ്റൻ പരസ്യ ബോർഡുകൾ അപകടങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വാഹനങ്ങൾ ഡ്രൈവ് ചെയ്യുന്നവരുടെ ശ്രദ്ധ തിരിക്കുന്ന ഇത്തരം ബോർഡുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) അപകടകാരണങ്ങളാകുന്ന ഇത്തരം പരസ്യബോർഡുകൾ, പഴകി ദ്രവിച്ച ഡിസ്പ്ലേ ബോർഡുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, കേബിളുകൾ എന്നിവ മാറ്റുവാൻ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) അപകടകരമായും അനധികൃതമായും സ്ഥാപിച്ചിരിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുവാൻ, ഫൈൻ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് അനുസരിച്ച് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. കെ.എസ്.ടി.പി ചെയ്യുന്ന എല്ലാ അപ്ഗ്രഡേഷൻ, ഹെവി മെയിന്റനൻസ് റോഡിലും ഇലക്ട്രിക് പോസ്റ്റുകൾ കെ.എസ്.ടി.പി ചെലവിൽ തന്നെ മാറ്റി സ്ഥാപിക്കുന്നുണ്ട്. പണി നടക്കുമ്പോൾ തന്നെ ഉപയോഗ യോഗ്യമല്ലാത്ത ബോർഡുകൾ, |

ഇലക്ട്രിക് പോസ്റ്റ്, കേബിളുകൾ റോഡിൽ നിന്ന് അത് ചെയ്യുന്ന കരാറുകാരെക്കൊണ്ട് തന്നെ നീക്കം ചെയ്യുന്നതാണ്. കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റെടുത്ത് നടപ്പാക്കിവരുന്ന നഗര റോഡു വികസന പദ്ധതിയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ അനധികൃത മായി സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ, ഡിസ്പ്ലേ ബോർഡു കൾ, അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ, കേബിളുകൾ എന്നിവ അതാത് ഏജൻസികളുമായി ബന്ധപ്പെട്ട് സമയ ബന്ധിതമായി നീക്കുന്നതിന് പദ്ധതിയുടെ കൺസഷണർ നടപടി സ്വീകരി-ക്കുന്നുണ്ട്. ദേശീയപാതകളിൽ അനധികൃതമായി സ്ഥാപിച്ചിരി - ക്കുന്ന ബോർഡുകൾ ശ്രദ്ധയിൽ-പ്പെടുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി റവന്യൂ, പോലീസ് തുടങ്ങിയവരുടെ സഹായത്തോടെ കാലാകാലങ്ങ ളിൽ തന്നെ മാറ്റാറുണ്ട്. ഇങ്ങനെ പരസ്യ ബോർഡുകൾ മാറ്റുമ്പോൾ അതിന്റെ കൂടെത്തന്നെ ശ്രദ്ധയിൽ പ്പെടുന്ന ദ്രവിച്ച ഡിസ്പ്ലേ ബോർഡു കളും മാറ്റാറുണ്ട്. അപകടം വരുത്തുന്ന ഇലക്ട്രിക് പോസ്റ്റ്, കേബിളുകൾ എന്നിവയെ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ആശയവിനിമയം നടത്തി സത്വര നടപടി സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ